## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2353 08.07.2015-ൽ മറുപടിക്ക്**

**ഞാറക്കൽ മുരിക്കുംപാടം എന്നിവിടങ്ങളിൽ ജിഡ ഫണ്ട് ഉപയോഗിച്ച് ടാങ്കുകളുടെ നിർമ്മാണം**

| ചോദ്യം<br>ശ്രീ. എസ്.ശർമ്മ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ) ജിഡ ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് നിർമ്മാണാനുമതി നൽകിയ ഞാറക്കൽ,മുരിക്കുംപാടം എന്നിവിടങ്ങളിലെ ടാങ്കുകളുടെ നിർമ്മാണം തടസ്സ പ്പെട്ടുകിടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ പ്രവർത്തനം തടസ്സപ്പെട്ടിട്ട് എത്ര നാളുകളായി എന്ന് വ്യക്തമാക്കാമോ ; | (ബി) മുരിക്കുംപാടം ഞാറയ്ക്കൽ ഉപരിതല സംഭരണികളുടെ നിർമ്മാണം 9/14 മുതൽ മുടങ്ങിക്കിടക്കുകയാണ്. |
| സി) വർഷങ്ങളായി അതിരൂക്ഷമായ ശുദ്ധജലക്ഷാമം നേരിടുന്ന വൈപ്പിൻ ദ്വീപ് നിവാസികൾക്കായി തുടങ്ങിവച്ച പ്രസ്തുത പ്രവൃത്തിയുടെ പുരോഗതിയിൽ നേരിടുന്ന ഗുരുതരമായ അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടിയെന്തെന്ന് വിശദീകരിക്കാമോ ; | (സി) അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് ജനപ്രതിനിധികളും ജില്ലാ കളക്ടറും പലതവണ അടിയന്തിര യോഗങ്ങൾ വിളിച്ച് നിർമ്മാണം ഉടനടി പൂർത്തിയാക്കുവാൻ നിർ ദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ കരാറുകാരന് വിവിധ കാര്യാലയങ്ങളിൽ നിന്നും കത്തുകൾ വഴി നിരവധി തവണ നിർ ദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനകം കരാർ കാലാവധി കഴിഞ്ഞതിനാൽ കരാർ |

വ്യവസ്ഥ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജ് ചുമത്തി 31.12.2015 വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കരാറുകാരൻ സമ്മതിച്ചിട്ടുള്ള പ്രോഗ്രാം ചാർട്ട് പ്രകാരമുള്ള പുരോഗതി ഉറപ്പ് വരുത്തി വീഴ്ച വരുത്തുന്ന പക്ഷം ഉടൻ തന്നെ പ്രവൃത്തി റദ്ദാക്കി, കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ചിലവിലും പുന:ക്രമീകരണം നടത്തുമെന്ന ഉപാധിയോടെയാണ് കാലാവധി ദീർഘിപ്പിച്ച് നൽകിയിരിക്കുന്നത്. ഈ ജലസംഭരണികളുടെ നിർമ്മാണത്തിലുണ്ടായ താമസം ജലവിതരണത്തെ ബാധിക്കാതിരിക്കുവാനായി നേരിട്ട് ജലവിതരണ ശൃംഖലയിലേക്ക് വെള്ളം പമ്പ് ചെയ്ത് എത്തിക്കുന്നുണ്ട്.

| | |
|---|---|
| ഡി) കഴിഞ്ഞ രണ്ട് വർഷക്കാലത്തിനിടയ്ക്ക് എത്രമാത്രം പുരോഗതി പ്രസ്തുത പ്രവൃത്തിയിൽ ഉണ്ടായെന്ന് വിശദീകരിക്കാമോ; | ഡി) ജലസംഭരണിയുടെ നിർമ്മാണത്തിന്റെ ഭാഗമായുള്ള പൈലിംഗ് ജോലികൾ സമയബന്ധിതമായി പൂർത്തീകരിച്ചതിനു ശേഷം മുരിക്കുംപാടം ടാങ്കിന്റെ പകുതി പൈൽ ക്യാപ്പുകളുടെ നിർമ്മാണവും ഞാറയ്ക്കൽ ടാങ്കിന്റെ ഒന്നും രണ്ടും കോളങ്ങളുടെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഇ) | പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നത് സംബന്ധിച്ച് വിവിധ ഉന്നതതല യോഗങ്ങളിൽ കരാറുകാരൻ നൽകിയ ഉറപ്പുകൾ പാലിക്കപ്പെട്ടിട്ടുണ്ടോ ; വിശദീകരിക്കാമോ ; | ഇ) | ഇല്ല. പ്രസ്തുത പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനായി വിവിധ ഉന്നതതല യോഗങ്ങളിൽ എടുത്ത തീരുമാനം അനുസരിച്ച് കരാറുകാരൻ ഒരു ബാർ ചാർട്ട് തയ്യാറാക്കി നൽകുകയുണ്ടായി.<br><br>എന്നാൽ നിശ്ചിത ചാർട്ട് പ്രകാരം കരാറുകാരൻ പ്രവൃത്തികൾ നടത്താതിരിക്കുകയും നിർമ്മാണ കാലാവധി 31.03.2015 ൽ അവസാനിക്കുന്നതിനാൽ വീണ്ടും കരാർ കാലാവധി നീട്ടി കൊടുക്കുന്നതിന് അപേക്ഷിക്കുകയും ചെയ്തു. അത് പ്രകാരം ടി പ്രവൃത്തികളുടെ കാലാവധി 31.12.2015 വരെ ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ പിഴ ഈടാക്കി നീട്ടി കൊടുത്തിട്ടുള്ളതാകുന്നു. |
| എഫ്) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പുനരാരംഭിക്കുമെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ ? | എഫ്) | പ്രസ്തുത പ്രവൃത്തികളുടെ കാലാവധി 22.06.2015 ലെ സപ്ലിമെന്ററി എഗ്രിമെന്റുകൾ പ്രകാരം ദീർഘിപ്പിച്ച് 31.12.2015 വരെ നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ കരാറുകാരൻ സമയ ബന്ധിതമായി തന്നെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ